ഉത്തരം

(എ) ആലത്തൂർ ഗ്രാമപഞ്ചായത്തിൽ പുതിയങ്കംദേശം എന്ന സ്ഥലത്ത് ഒരു ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്. മെസ്സേഴ്സ്, ടാറ്റാ പ്രോജക്ട് ഹൈദരാബാദ് എന്ന സ്ഥാപനത്തിന് 'ടേൽകി' അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ നിർമ്മാണത്തിന് കരാർ നൽകിയിട്ടുണ്ട്.

(ബി&സി) തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. പുതിയങ്കംദേശം കമ്മിറ്റിയുടെ എതിർപ്പിനെ തുടർന്ന് സബ്സ്റ്റേഷൻ നിർമ്മാണം തടസ്സപ്പെടുത്തുകയും ജില്ലാ കളക്ടർ പുതിയ സ്ഥലം കണ്ടെത്താൻ നിർദ്ദേശിക്കുകയും ചെയ്തു.

ശ്രീ. എം. വി. കെ. നായർ, ആക്ഷൻ കമ്മിറ്റി എന്ന ആളുടെ പരാതി പരിഗണിച്ച് ബഹു. ഹൈക്കോടതിയുടെ 17-6-2002-ലെ വിധിയനുസരിച്ച് സബ് സ്റ്റേഷൻ നിർമ്മാണത്തിന് അനുമതി നൽകി. കെ.എൻ.യു. അനുമതിക്കെതിരായി കർഷകർ പരാതി നൽകുകയും 30-4-2003-ലെ ഉത്തരവുപ്രകാരം ആർ.ഡി.ഒ. പാലക്കാട് കെ.എൽ. യു. അനുമതി നൽകുകയും ചെയ്തു.

(ഡി) പ്രസ്തുത സബ്സ്റ്റേഷന്റെ പണിക്കായി 123 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ഇനി 185 ലക്ഷം രൂപ ആവശ്യമുണ്ട്. പണിയുടെ പുരോഗതിയനുസരിച്ച് തുക അനുവദിക്കുന്നതാണ്.

(ഇ) കരാർ കമ്പനിയായ മെസ്സേഴ്സ്, ടാറ്റാ പ്രോജക്ട്സ് ലിമിറ്റഡ്, ഹൈദരാബാദിനോട് ജോലി പുനരാരംഭിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 2004 മാർച്ചിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മണ്ണാർക്കാട്, പെരിന്തൽമണ്ണ താലൂക്കുകളെ മെയിൻഗ്രിഡിൽ ഉൾപ്പെടുത്തുവാൻ നടപടി

131 (1675) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തിന്റെ വൈദ്യുതിയുടെ മെയിൻഗ്രിഡിൽ മണ്ണാർക്കാട്, പെരിന്തൽമണ്ണ താലൂക്കുകളെ ഉൾപ്പെടുത്തുവാൻ നടപടിയെടുത്തിട്ടുണ്ടോ ?

ഉത്തരം

സംസ്ഥാന വൈദ്യുതി ബോർഡിന്റെ 110 കെ.വി.ഗ്രിഡിൽ മണ്ണാർക്കാടും, 66 കെ.വി. ഗ്രിഡിൽ പെരിന്തൽമണ്ണയും ഉൾപ്പെടുന്നു.

ചക്കിട്ടപാറയിലുള്ള 110 കെ.വി. സബ് സ്റ്റേഷന്റെ പ്രവർത്തനം

132 (1680) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര മണ്ഡലത്തിൽ ചക്കിട്ടപ്പാറയിലുള്ള 110 കെ.വി സബ്സ്റ്റേഷന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സബ്സ്റ്റേഷൻ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുമെന്നാണ് സർക്കാർ ഉറപ്പു നൽകിയതെന്ന് അറിയിക്കാമോ ;

(സി) പ്രവൃത്തി സമയബന്ധിതമായി തീർക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് അറിയിക്കാമോ ;

(ഡി) സബ്സ്റ്റേഷന്റെ പ്രവർത്തനം പൂർത്തീകരിച്ച് എപ്പോൾ കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചക്കിട്ടപ്പാറയിലുള്ള 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്.

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ അടുത്ത സാമ്പത്തികവർഷം പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സാമ്പത്തിക കാരണങ്ങളാൽ കഴിഞ്ഞവർഷം നിർത്തിവെച്ച നിർമ്മാണ ജോലികൾ, ഈ വർഷം പുനരാരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സബ്സ്റ്റേഷൻ 2004 അവസാനം കമ്മിഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ 220 കെ.വി സബ് സ്റ്റേഷനുകൾ

133 (1682) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് പുതുതായി 220 കെ.വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) 220 കെ. വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ഏതെല്ലാം പഞ്ചായത്തുകളിലെ ഏതെല്ലാം സ്ഥലങ്ങളാണ് ബോർഡ് അധികൃതർ ഇതിനകം കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ജില്ലകളിലെ പുതിയ 220 കെ.വി. സബ്സ്റ്റേഷനുകൾക്കുവേണ്ടി നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളും അതിൽ അനുയോജ്യമായതായി പരിഗണിച്ച സ്ഥലങ്ങളും സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പിലും കോഴിക്കോട് ജില്ലയിൽ വടകരയിലുമാണ് 220 കെ. വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) തളിപറമ്പിൽ 220 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലം, തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലെ പുളിപ്പറമ്പ് എന്ന സ്ഥലത്ത് നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനോടനുബന്ധിച്ചുള്ള സ്ഥലത്താണ്.

LIBRARY ARCHIVES Kerala Legislative Assembly